# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4610** | 22.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ടാക്സ് കോർണറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് ടാക്സ് കോർണറുകൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | ചരക്ക് സേവന നികുതി ഓഫീസിൽ എത്തുന്ന വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ പ്രാഥമിക നിർദ്ദേശങ്ങളും വിവരങ്ങളും നൽകുക, നികുതി സംബന്ധമായ വിവരങ്ങൾ അടങ്ങിയ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക, നികുതി അവബോധം വളർത്തുന്ന വീഡിയോകൾ പ്രദർശിപ്പിക്കുക, പൊതുജനങ്ങൾക്കും, വ്യാപാരികൾക്കുമുള്ള സൗഹൃദ കേന്ദ്രങ്ങളായി പ്രവർത്തിക്കുക എന്നിവയാണ് ടാക്സ് കോർണറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ |
| (ബി) | പ്രസ്തുത കോർണറുകളുടെ പ്രവർത്തനം സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) യും (സി) യും | ഉണ്ട്. ഇത് പ്രകാരം ഓഫീസ് സന്ദർശിക്കുന്ന വ്യാപാരികളേയും, പൊതുജനങ്ങളേയും ടാക്സ് കോർണറിൽ സ്വീകരിക്കും. ഇവിടെ സന്ദർശകർക്കുള്ള ഇരിപ്പിടം, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തും. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും വേണ്ട വിവരങ്ങളും നിർദ്ദേശങ്ങളും ടാക്സ് കോർണറിൽ നിന്നും ലഭ്യമാക്കും. കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ സമീപിക്കേണ്ട ഓഫീസിലേക്ക് പാസ് നൽകും. അതാത് ജില്ലയിലെ ഡെപ്യൂട്ടി |
| (സി) | ഇവ പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | കമ്മീഷണർമാർക്കാണ് ടാക്സ് കോർണറുകളുടെ പ്രവർത്തന മേൽനോട്ട ച്ചുമതല. പൊതുജനങ്ങളുടെ നികുതി അവബോധം വളർത്താനുള്ള സൗകര്യങ്ങൾക്കൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യമായ പ്രാഥമിക നിർദ്ദേശങ്ങളും വിവരങ്ങളും ടാക്സ് കോർണറിൽ നിന്നും ലഭ്യമാകും. |
| (ഡി) | എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇവ ആരംഭിക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന അധിക ബാദ്ധ്യത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ;വ്യക്തമാക്കുമോ? | (ഡി) | ആദ്യ ഘട്ടത്തിൽ ടാക്സ് കോർണർ സ്ഥാപിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ ഓഫീസുകളിലെ ടാക്സ് കോർണറുകൾക്കായി 14.13 ലക്ഷം രൂപയുടെ ടെന്റർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ ജോലികൾ ആരംഭിച്ചു. മറ്റ് ജില്ലകളിലെ ടാക്സ് കോർണർ സ്ഥാപിക്കുന്ന ജോലികൾ സെപ്റ്റംബർ 2018 ന് മുൻപ് പൂർത്തിയാക്കാനായി 50 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ